(ബി) 8042.16 കോടി രൂപ

(സി) 137 കേസുകൾ, 7.75 കോടി രൂപ

(ഡി) ഉണ്ട്

(ഇ) സി.&എ.ജി.യുടെ റിപ്പോർട്ട് എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും അനന്തര നടപടി സ്വീകരിക്കുന്നതിനായി നൽകിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും മന്ത്രിമാരുടെയും മറ്റും പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെട്ടവരുടെ ശമ്പളം നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകൾ

15 (4348) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മന്ത്രിമാരുടെയും മറ്റും പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെട്ടവരുടെ ശമ്പളം നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകളെന്തൊക്കെയാണ് ;

(ബി) കെ.എസ്.ആർ.ടി.സി.യിൽ നിന്നുള്ള ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെടുമ്പോൾ ഏത് നിരക്കിലെ ക്ഷാമബത്തയ്ക്കാണ് അർഹതയെന്ന് വ്യക്തമാക്കാമോ ;

(സി) കെ.എസ്.ആർ.ടി.സി. ജീവനക്കാർ പ്രസ്തുത സ്റ്റാഫിൽ ജോലി ചെയ്യുന്ന കാലയളവിലെങ്കിലും അവിടത്തെ അധിക ജോലിഭാരം കണക്കിലെടുത്ത് ഗവ. നൽകുന്ന നിരക്കിലെ ക്ഷാമബത്ത അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് മന്ത്രിമാരുടെയും മറ്റും പേഴ്സണൽ സ്റ്റാഫിൽ അംഗങ്ങളെ നിയമിക്കുന്നത്. പേഴ്സണൽ സ്റ്റാഫിന്റെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ള 3-3-1959-ലെ G.O.(Ms)No.343/59/PD നമ്പർ ഉത്തരവിലെ (സ്പെഷ്യൽ റൂളിലെ) ഖണ്ഡിക 8(a) പ്രകാരം പൊതുമേഖലാ സ്ഥപനങ്ങളിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെടുമ്പോൾ അവർക്ക് മാതൃസ്ഥാപനത്തിൽ നിലവിലുള്ള ശമ്പളത്തിനും ബത്തയ്ക്കുമാണ് അർഹത.

(സി) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്യുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഗവ: നിരക്കിലെ ക്ഷാമബത്ത അനുവദിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly